LIBRARY ARCHIVES Kerala Legislative Assembly

സുസുക്കി എഞ്ചിൻ വാങ്ങിയതിൽ ക്രമക്കേട്

16 (*551) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുസുക്കി എഞ്ചിൻ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതിനാൽ വീണ്ടും സുസുക്കി എഞ്ചിൻ വാങ്ങരുതെന്ന് മത്സ്യഫെഡിന് നിർദ്ദേശം നൽകിയിരുന്നോ :

(ബി) ഈ നിർദ്ദേശം മത്സ്യഫെഡ് ഭരണസമിതി അംഗീകരിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ അതിനു പറഞ്ഞ കാരണമെന്തായിരുന്നു :

(സി) മത്സ്യഫെഡ് ഭരണസമിതിക്ക് നൽകിയ നിർദ്ദേശം അവഗണിച്ചുകൊണ്ട് വീണ്ടും എത്ര സുസുക്കി എഞ്ചിനുകൾ വാങ്ങിയിട്ടുണ്ട് ; എങ്കിൽ അതുമൂലം എന്തു തുകയുടെ ക്രമക്കേട് നടന്നു എന്ന് വ്യക്തമാക്കാമോ ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) നിർദ്ദേശം നൽകിയിരുന്നു.

(ബി&സി) അംഗീകരിച്ചിട്ടില്ല. സുസുക്കി എഞ്ചിനുകൾ ഇറക്കുമതി ചെയ്തത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ക്രമക്കേട് സംബന്ധിച്ച് വ്യക്തമായ വിവരം ലഭിക്കുകയുള്ളൂ.

മത്സ്യഫെഡിൽ ക്രമവിരുദ്ധ നിയമനങ്ങൾ

17 (*552) ശ്രീ. എം. മുരളി :
ശ്രീ. എം. എ. ഹസ്സൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പിരിച്ചുവിടപ്പെട്ട മത്സ്യഫെഡ് ഭരണസമിതിയുടെ കാലത്ത് മത്സ്യഫെഡിൽ ക്രമവിരുദ്ധ നിയമനങ്ങൾ നടന്നിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ ക്രമവിരുദ്ധമായി നിയമിച്ചു :

(ബി) ക്രമരഹിതമായി നിയമിക്കപ്പെട്ടവരെ പിരിച്ചുവിടുവാൻ നിർദ്ദേശം നൽകിയിരുന്നോ ; എങ്കിൽ അതനുസരിച്ച് മത്സ്യഫെഡ് പ്രവർത്തിച്ചിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ ?